**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 7202    16.07.2012- ൽ മറുപടിക്ക്**

**ദുരന്തനിവാരണ നയം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. സി. ദിവാകരൻ** | | **ശ്രീ. അടൂർ പ്രകാശ്<br>(ബഹു. റവന്യൂവും കയറും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്ത് ഒരു ദുരന്തനിവാരണനയം നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. |
| (ബി) | ദുരന്തനിവാരണനയത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ബി) | ദുരന്തങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും, വീക്ഷണവുമാണ് ദുരന്ത നിവാരണ നയത്തിലുള്ളത്. പരിസ്ഥിതിക്ക് കോട്ടം തട്ടാതെ വികസന പ്രവർത്തനങ്ങൾ ഉറപ്പു വരുത്തുന്നതിനും, സാമ്പത്തിക തടസം ഒഴിവാക്കി ദുരന്തങ്ങൾ കൈകാര്യം ചെയ്യുന്നതിനുമുള്ള ഒരു അനുകൂല വ്യവസ്ഥയാണ് ഇതിന്റെ ലക്ഷ്യം. കേരള സംസ്ഥാന ദുരന്ത നിവാരണ വകുപ്പ് വിവിധ സ്ഥാപനങ്ങൾക്ക് മൊത്തത്തിലുള്ള മാർഗ നിർദ്ദേശങ്ങളും ദിശാബോധവും നല്കുന്ന തരത്തിൽ നയ രൂപ രേഖ സംവിധാനം ചെയ്ത് നല്കുന്നു. ഇതിനായി നിലവിലുള്ള സ്ഥാപനങ്ങളുടെ വിഭവങ്ങളും ശേഷിയും ശക്തിപ്പെടുത്തുകയും ദുരന്തനിവാരണത്തെ ഒരു പ്രത്യേക മേഖല അല്ലെങ്കിൽ വിഷയമായി കൈകാര്യം ചെയ്യാതെ പുതിയ ശേഷികൾ കെട്ടിപ്പടുക്കുകയും ചെയ്യുന്നു. |
| (സി) | ദുരന്തനിവാരണത്തിനായി ജില്ലാ തല അതോറിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ; ആരെല്ലാമാണ് അതിലെ അംഗങ്ങളെന്ന് അറിയിക്കുമോ; | (സി) | ഉണ്ട്. എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ ചെയർമാനും, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കോ - ചെയർമാനുമായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.<br><br>**മറ്റംഗങ്ങൾ**<br>1. അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്<br>2. സുപ്രണ്ട് ഓഫ് പോലീസ്<br>3. ജില്ലാ മെഡിക്കൽ ഓഫീസർ<br>4. അസി. ഡിവിഷണൽ ഓഫീസർ (ഫയർ & റസ്ക്യൂ സർവ്വീസസ്)<br>5. ഒരു ജില്ലാതല ഓഫീസർ |
| (ഡി) | ഇതിന്റെ പ്രവർത്തനത്തിനായി കേന്ദ്രസഹായം ലഭിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ? | (ഡി) | കേന്ദ്ര സഹായം ലഭിക്കുന്നില്ല. എന്നാൽ ഇതിലേക്കായി 13-ാം ധനകാര്യ കമ്മീഷൻ അനുവദിച്ച ഗ്രാന്റ് തുക ഉപയോഗപ്പെടുത്തി വരുന്നു. |

സെക്ഷൻ ഓഫീസർ